ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/15910/റ്റിസി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 31.07.2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനം രൂപമാറ്റം വരുത്തുന്നതിനും, ലൈസൻസ് ലഭിക്കുന്നതിനും വൈകല്യമുള്ളവർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെ സമീപിക്കുമ്പോൾ അവരോട് മോശമായ നിലപാട് സ്വീകരിക്കുന്നു എന്നുള്ള പരാതി — സംബന്ധിച്ച്

സൂചന :-
1. ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ മേലെഴുത്തോടു കൂടിയ രാഷ്ട്രീയ വികലാംഗ സംഘത്തിന്റെ 03.07.13 തീയതിയിലെ നിവേദനം.
2. 24.04.12 തീയതിയിലെ കത്ത് നം. സി1/10579/റ്റിസി/2009.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(1) പ്രകാരമുള്ള നിവേദനത്തിൽ രാഷ്ട്രീയ വികലാംഗ സംഘം (RVS) പരാതിപ്പെടുന്നതെന്തെന്നാൽ തങ്ങളുടെ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി റോഡുകളിൽ ഓടിക്കുന്നതിനുള്ള അനുവാദത്തിനായി ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ സമീപിക്കുമ്പോൾ ഭൂരിഭാഗം ഓഫീസുകളിലും വളരെ മോശമായ നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതെന്നാണ് വൈകല്യമുള്ള വ്യക്തികൾ ഉപയോഗിക്കുന്ന വാഹനങ്ങൾ രൂപമാറ്റം വരുത്തുന്നത് സംബന്ധിച്ചും, അവർക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ചും സൂചന (2) പ്രകാരം വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വൈകല്യമുള്ള വ്യക്തികളെ പരമാവധി സഹായിക്കുവാൻ ശ്രമിക്കുന്നതിന് പകരം അവരോട് മോശമായ നിലപാട് സ്വീകരിക്കുന്നത് ശരിയായ പ്രവണതയല്ല. നിലവിലുള്ള ഉത്തരവുകൾക്ക് അനുസൃതമായി വൈകല്യമുള്ളവർക്ക് ലൈസൻസ് നൽകുന്നതിനും, വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതിനും വേണ്ട സഹായ സഹകരണങ്ങൾ ചെയ്ത് നൽകേണ്ടതാണ് എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ
31/8/13
സീനിയർ സൂപ്രണ്ട്

31/8/13

മോട്ടോർ വാഹന വകുപ്പ്, കേരളം